<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 48</u> <u>08-08-2023 - ൽ മറുപടിയ്ക്ക്</u>

<u>ബെൽ കൺസോർഷ്യത്തിനു കരാർ നൽകാൻ ഉണ്ടായ സാഹചര്യം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കെ-ഫോൺ പദ്ധതി എന്നാണ് തുടക്കം കുറിച്ചതെന്നും എത്ര മാസം കൊണ്ടാണ് പൂർത്തിയാക്കാൻ ഉദ്ദേശിച്ചിരുന്നതെന്നും വിശദമാക്കാമോ; | (എ) | കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി കെ.എസ്.ഐ.ടി.ഐ.എൽ. (കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്) കെ-ഫോൺ പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്ററായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡുമായി 09.03.2019-നാണ് കരാറിൽ ഏർപ്പെട്ടത്. പ്രസ്തുത കരാർ പ്രകാരം, 30.06.2021-നാണ് പദ്ധതി പൂർത്തീകരിക്കേണ്ടിയിരുന്നത്. കൊറോണ മഹാമാരി മൂലമുണ്ടായ ലോക്ക് ഡൗൺ, ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട റോഡ് വീതികൂട്ടലും റോഡ് നിർമ്മാണവും, റെയിൽവേ, ദേശീയപാതാ അതോറിറ്റികളിൽ നിന്നും റൈറ്റ് ഓഫ് വേ അനുമതി ലഭിക്കാനുണ്ടായ കാലതാമസം മുതലായ കാരണങ്ങൾക്കൊണ്ടാണ് പദ്ധതി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടത്. |
| (ബി) | എസ്.ആർ.ഐ.ടി. അടങ്ങുന്ന ബെൽ കൺസോർഷ്യത്തിനു നൽകിയ കരാറിൽ രണ്ടു വർഷം കൊണ്ട് പ്രവൃത്തികൾ പൂർത്തിയാക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; | (ബി) | കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി കെ.എസ്.ഐ.ടി.ഐ.എൽ. (കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്) കെ-ഫോൺ പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്ററായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡുമായി 09.03.2019-നാണ് കരാറിൽ ഏർപ്പെട്ടത്. പ്രസ്തുത കരാർ പ്രകാരം, 30.06.2021-നാണ് പദ്ധതി പൂർത്തീകരിക്കേണ്ടിയിരുന്നത്. കൊറോണ മഹാമാരി മൂലമുണ്ടായ ലോക്ക് ഡൗൺ, ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട റോഡ് വീതികൂട്ടലും റോഡ് നിർമ്മാണവും, റെയിൽവേ, ദേശീയപാതാ അതോറിറ്റികളിൽ നിന്നും റൈറ്റ് ഓഫ് വേ അനുമതി ലഭിക്കാനുണ്ടായ കാലതാമസം മുതലായ കാരണങ്ങൾക്കൊണ്ടാണ് പദ്ധതി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടത്. |
| (സി) | മേല്പറഞ്ഞ കരാർ ഒപ്പിട്ടു നാല് വർഷത്തിലധികമായിട്ടും പ്രവൃത്തികൾ | (സി) | കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി കെ.എസ്.ഐ.ടി.ഐ.എൽ. (കേരള സ്റ്റേറ്റ് ഐ.ടി. |

| | | | |
|---|---|---|---|
| | പൂർത്തിയാക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | | ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്) കെ-ഫോൺ പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്ററായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡുമായി 09.03.2019-നാണ് കരാറിൽ ഏർപ്പെട്ടത്. പ്രസ്തുത കരാർ പ്രകാരം, 30.06.2021-നാണ് പദ്ധതി പൂർത്തീകരിക്കേണ്ടിയിരുന്നത്. കൊറോണ മഹാമാരി മൂലമുണ്ടായ ലോക്ക് ഡൗൺ, ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട റോഡ് വീതികൂട്ടലും റോഡ് നിർമ്മാണവും, റെയിൽവേ, ദേശീയപാതാ അതോറിറ്റികളിൽ നിന്നും റൈറ്റ് ഓഫ് വേ അനുമതി ലഭിക്കാനുണ്ടായ കാലതാമസം മുതലായ കാരണങ്ങൾക്കൊണ്ടാണ് പദ്ധതി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടത്. |
| (ഡി) | പ്രസ്തുത കരാർ കാലാവധി നീട്ടി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ഡി) | കരാർ കാലാവധി 30.09.2023 വരെ നീട്ടി നൽകിയിട്ടുണ്ട്. |
| (ഇ) | ധനകാര്യ വകുപ്പിന്റെ 2017ലെ ഉത്തരവിലെ നിബന്ധനകൾക്കു വിരുദ്ധമായി കെ-ഫോൺ പദ്ധതിയിൽ എസ്റ്റിമേറ്റ് തുകയുടെ അൻപത് ശതമാനത്തിൽ കൂടുതൽ തുകയ്ക്ക് എസ്. ആർ. ഐ. ടി. അടങ്ങുന്ന ബെൽ കൺസോർഷ്യത്തിനു കരാർ നൽകാൻ ഉണ്ടായ സാഹചര്യം വിശദമാക്കാമോ? | (ഇ) | 2017-ൽ കെ-ഫോൺ പദ്ധതിക്ക് ഭരണാനുമതി നൽകിയപ്പോൾ, പ്രതിവർഷ പ്രവർത്തന ചെലവായ 104.4 കോടി രൂപ (പ്രധാന, അനുബന്ധ ശൃംഖലകൾക്ക്) 7 വർഷത്തേക്ക് കണക്കാക്കുന്നതിന് പകരം, ഒരു വർഷത്തേക്ക് മാത്രമായി കണക്കാക്കുകയും, അങ്ങനെ ഭരണാനുമതി തുക 1028.20 കോടി രൂപയായി നിജപ്പെടുത്തുകയുമാണുണ്ടായത്.<br>പ്രവർത്തനചെലവുകൾക്ക് വേണ്ടി വരുന്ന തുക, 2-ാം വർഷം മുതൽ പദ്ധതിയുടെ വരുമാന മാർഗ്ഗങ്ങളിൽ നിന്നും കണ്ടെത്താമെന്ന അനുമാനത്തിലാണ് ഇങ്ങനെ കണക്കാക്കിയത്. എന്നാൽ ടെണ്ടർ കൈക്കൊണ്ട സ്ഥാപനം (എൽ-1 ബിഡ്ഡർ) നെറ്റ് വർക്ക് സജ്ജമാക്കുന്നതിന് പുറമെ മൂലധന ചെലവും പ്രവർത്തന ചെലവും കൂടാതെ ഏഴുവർഷത്തേക്കുള്ള പരിപാലന ചെലവും ടെണ്ടറിലൂടെതന്നെ കണ്ടെത്തേണ്ടി വന്നപ്പോഴാണ് തുക വർദ്ധിക്കുന്ന സാഹചര്യമുണ്ടായത്. സാധുവായ 3 ടെണ്ടറുകളിൽ നിന്നും, സാങ്കേതിക വിലയിരുത്തലുകൾക്ക് ശേഷം, ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ കൂട്ടായ്മയെ (ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ കൺസോർഷ്യത്തെ) കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുക്കുകയുണ്ടായി. തുടർന്ന്, 2019 ൽ കെ-ഫോൺ പദ്ധതിയ്ക്ക് 1548.08 കോടി രൂപയ്ക്ക് (ബാധകമായ നികുതികൾ പുറമെ) പുതുക്കിയ ഭരണാനുമതി നൽകി. ധനകാര്യ വകുപ്പിന്റെ അംഗീകാരം നേടിയശേഷം മന്ത്രിസഭായോഗത്തിന്റെ അനുമതിയോടെയാണ് പുതുക്കിയ ഭരണാനുമതി നൽകിയത്. |

സെക്ഷൻ ഓഫീസർ